<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2569**</u> <u>**17-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കഞ്ചിക്കോട് വ്യവസായ മേഖലയിലേക്കുള്ള റോഡ് സൗകര്യം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **null**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലേക്കുള്ള റോഡ് ഗതാഗത സൗകര്യം വിപുലപ്പെടുത്തുന്നതിനും നിലവിലെ റോഡുകൾ നവീകരിക്കുന്നതിനും വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡ് ഗതാഗത സൗകര്യം വിപുലപ്പെടുത്തുന്നതിനും നിലവിലെ റോഡുകൾ നവീകരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 6,80,00,000/- (ആറ് കോടി എൺപത് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ